"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - അക്കൗണ്ട്സ് വിഭാഗം തസ്തികകളിലേക്ക് പ്രമോഷൻ - കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റാഫ് അസോസിയേഷൻ (KLGSA) പ്രസിഡന്റ് മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ. 646/2024 നമ്പർ കേസിന്മേലുള്ള 09/04/2024 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.1259/2024/LSGD തീയതി,തിരുവനന്തപുരം, 10-07-2024

---

പരാമർശം:-

1. 22.12.2022തീയതിയിലെ സ.ഉ(കൈ) 277/2022/തസ്വഭവ. നമ്പർ ഉത്തരവ്.
2. കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റാഫ് അസോസിയേഷൻ (KLGSA) സർക്കാരിൽ സമർപ്പിച്ച 25.03.2024 തീയതിയിലെ അപേക്ഷകൾ (അനക്ഷ്വർ എ6 )
3. കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റാഫ് അസോസിയേഷൻ (KLGSA) പ്രസിഡന്റ് മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ. 646/2024 നമ്പർ കേസിന്മേലുള്ള 09/04/2024 തീയതിയിലെ ഉത്തരവ്.
4. 15.06.2024തീയതിയിലെ സ.ഉ(കൈ)67/2024/ തസ്വഭവ. നമ്പർ ഉത്തരവ്

**ഉത്തരവ്**

പരാമർശം -1 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നഗരസഭകളിൽ അധികമായി സൃഷ്ടിച്ച അക്കൗണ്ട്സ് വിഭാഗം തസ്തികകളിലേക്ക് പ്രമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന അപേക്ഷയുമായി കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റാഫ് അസോസിയേഷൻ (KLGSA) പ്രസിഡന്റ് പരാമർശം - 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റാഫ് അസോസിയേഷൻ (KLGSA) പ്രസിഡന്റ് മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ. 646/2024 നമ്പർ കേസിന്മേലുള്ള 09/04/2024 തീയതിയിലെ ഉത്തരവ് പ്രകാരം ഒന്നാം അപേക്ഷകൻ സമർപ്പിച്ച Annexure - A6 അപേക്ഷ പരിശോധിച്ച്, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ 2 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റാഫ് അസോസിയേഷൻ (KLGSA) പ്രസിഡന്റ് സമർപ്പിച്ച അനക്ഷ്വർ എ6 അപേക്ഷ പ്രകാരം മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും നികുതി പിരിവ് ഊർജ്ജപ്പെടുത്തുന്നതിനും

ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമായി കേരളത്തിലെ എല്ലാ നഗരസഭകളിലേക്കുമായി 354 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 22.12.2022 -ൽ തദ്ദേശ സ്വയഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന്, ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭകളിൽ അധികമായി സൃഷ്ടിച്ച ആരോഗ്യ വിഭാഗത്തിലെ തസ്തികകളിലേക്ക് 255 പുതിയ നിയമനങ്ങളും പ്രമോഷനും പുറപ്പെടുവിച്ചിരുന്നുവെങ്കിലും അതിനു ശേഷം ഒരു വർഷം പിന്നിട്ടിട്ടും നഗരസഭകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് അനുവദിച്ച 93 അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളിലേക്കും 6 അക്കൗണ്ട്സ് ഓഫീസർ തസ്തികകളിലേക്കും നാളിതുവരെ പ്രമോഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതാണ് എന്നും ടി അധിക തസ്തികകളിലേക്ക് പ്രമോഷൻ ഉത്തരവിറക്കുവാൻ ഒരു വർഷം കഴിഞ്ഞും കാലതാമസം എടുക്കുന്നത് മൂലം മിനിസ്റ്റീരിയൽ വിഭാഗത്തിലെ മുഴുവൻ ജീവനക്കാരുടെയും പ്രമോഷനെ ദോഷകരമായി ബാധിക്കുകയും അർഹതപ്പെട്ട പ്രമോഷൻ ലഭിക്കാതെ പല ജീവനക്കാരും സർവീസിൽ നിന്ന് വിരമിക്കുന്ന സാഹചര്യം ഉണ്ടാവുന്നതുമാണ് എന്ന് അറിയിക്കുന്നു. ആയതിനാൽ ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടാവണമെന്നും നഗരസഭകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അർഹതപ്പെട്ടതും സർക്കാർ അധികമായി സൃഷ്ടിച്ചതുമായ അക്കൗണ്ട്സ് അസിസ്റ്റന്റ് (അക്കൗണ്ടന്റ്) തസ്തികകളിലേക്കും അക്കൗണ്ട്സ് ഓഫീസർ തസ്തികകളിലേക്കും ഉടൻ തന്നെ പ്രമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ നഗരസഭകളിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നഗരകാര്യഡയറക്ടർ ലഭ്യമാക്കിയ പ്രപ്പോസലിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലുമായി 354 അധിക തസ്തികകൾ സൃഷ്ടിച്ചും 578 തസ്തികകൾ നിർത്തലാക്കിയും പരാമർശം -1 പ്രകാരം ഉത്തരവായിരുന്നതും അതിൻപ്രകാരം 6 കോർപ്പറേഷനുകളിലായി ഓരോ അക്കൗണ്ട്സ് ഓഫീസർമാരുടേയും 6 കോർപ്പറേഷനുകളിലും 87 നഗരസഭകളിലും ഓരോ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകൾ അനുവദിച്ചും ഉത്തരവായിരുന്നു. തുടർന്ന് പുതുതായി സൃഷ്ടിച്ച "അക്കൗണ്ട്സ് അസിസ്റ്റന്റ്" എന്ന തസ്തികയുടെ പേരിനു പകരമായി ഏകീകരിക്കപ്പെട്ട മറ്റ് വകുപ്പുകളിലെ സമാന തസ്തികയായ "അക്കൗണ്ടന്റ്" എന്ന പേര് നല്കിക്കൊണ്ടും, പ്രസ്തുത തസ്തികക്ക് ശമ്പള സ്കെയിൽ അനുവദിച്ചുകൊണ്ടും, ടി തസ്തിക മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലർക്കുമാരുടെ സ്ഥാനക്കയറ്റ തസ്തികയായി നിയമനം നടത്തുന്നതിന് അനുമതി നൽകിയും പരാമർശം - 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. മേൽ സാഹചര്യത്തിൽ 15.06.2024 തീയതിയിലെ സ.ഉ(കൈ)67/2024/തസ്വഭവ. നമ്പർ ഉത്തരവിന്റെയടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ടന്റ് തസ്തികകളിൽ ഉദ്യോഗക്കയറ്റം നടത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുന്നതിന്, പ്രസ്തുത തസ്തികകളുടെ നിയമനാധികാരിയായ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അനക്ഷ്വർ എ6 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

5. മേൽപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നമ്പർ. 646/2024 നമ്പർ കേസിന്മേലുള്ള 09/04/2024 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം ( with CL )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എ ആൻഡ് ഇ )
പ്രസിഡന്റ്, കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റാഫ് അസോസിയേഷൻ (KLGSA) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 10-07-2024 15:06:37

സെക്ഷൻ ഓഫീസർ